**A** **512**

# സമഗ്ര ശിക്ഷാ, കേരളം
## വാർഷിക മൂല്യനിർണയം 2019-20
## മലയാളം
## അടിസ്ഥാന പാഠാവലി

ക്ലാസ് : 5 | സമയം: 2 മണിക്കൂർ

exam WINNER®

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ **നാലു** പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യനമ്പരിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

---

### പ്രവർത്തനം 1 – വായിക്കാം എഴുതാം

**കഞ്ഞീം പയറും**

സ്വർണത്തളികയിൽ നിറയെ ജിലേബി, ലഡ്ഡു, ഗുലാബ്ജാമൂൻ....അങ്ങനെ പലതും....അതിനുള്ളിലൊരു പായസപ്പുഴ. അതിൽ നീന്തിത്തുടിക്കുന്ന ഞാൻ....

'പാറു'.....

'ശ്ശേ......ഈ അമ്മേടെ ഒരു പണി....ഒരു നല്ല സ്വപ്നം പോയി.' സ്കൂളിലെത്തി. അനുവിനോട് ചോദിച്ചു.

'അനു, നീ ഇന്നലെ വല്ല സ്വപ്നവും കണ്ടിരുന്നോ'?

"ന്റെ സ്വപ്നത്തിൽ കഞ്ഞീം പയറും ഉണ്ടായിരുന്നു."

– (പാർവ്വതി എം.എസ്.)

**ചോദ്യങ്ങൾ**

1. സ്വർണത്തളികയിൽ ജിലേബി, ലഡ്ഡു, ഗുലാബ്ജാമൂൻ... ഇവയെ സ്വപ്നം കണ്ടതാര്?
   (മാളു, പാറു, അനു)
2. അനുവിന്റെ സ്വപ്നത്തിൽ എന്താണ് ഉണ്ടായിരുന്നത്?
   (ജിലേബി, കഞ്ഞീം പയറും, ഗുലാബ് ജാമൂൻ)
3. 'സ്വപ്നം' എന്ന പദത്തിന്റെ സമാനപദം ഏത്?
   (ചിന്ത, ഓർമ, കിനാവ്)
4. 'പായസപ്പുഴ' എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
   (പുഴയോളം പായസം, മധുരമുള്ള പായസം, പുഴവെള്ളത്തിലെ പായസം)
5. ഈ കഥയിൽ നിന്ന് നിങ്ങൾ മനസിലാക്കിയ ആശയം എന്ത്?
   എ) പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അസമത്വം
   ബി) കൂട്ടുകാർ ഒരേ സ്വപ്നമാണ് കാണുന്നത്
   സി) അമ്മ വിളിച്ചുണർത്തിയപ്പോൾ അനുവിന് വിഷമമായി.

## പ്രവർത്തനം 2 അഭിപ്രായക്കുറിപ്പ്

മരങ്ങളെ ജീവനെപ്പോലെ കരുതിയ ബാലചന്ദ്രനെ നമുക്കറിയാമല്ലോ? മറ്റൊരു പ്രകൃതി സ്നേഹിയെ പരിചയപ്പെടൂ...

exam WiNNER

**പച്ചമനുഷ്യൻ**

നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന പച്ചപ്പിനെ തിരികെക്കൊണ്ടു വരാനുള്ള തീവ്രയ ത്നത്തിലാണ് പാലക്കാട് പത്തിരിപ്പാലയിലെ കല്ലൂർ ബാലൻ. പാലക്കാടും പരിസരങ്ങളി ലുമായി ഒരുലക്ഷത്തിലേറെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് മാതൃകയാവുകയാണ് ഇദ്ദേ ഹം. പച്ചമുണ്ട്, പച്ചഷർട്ട്, പച്ചത്തലേക്കെട്ട് തുടങ്ങി എടുപ്പിലും നടപ്പിലും പച്ചപ്പ് കാത്തു സൂക്ഷി ക്കുന്നു. ഈ 'പച്ച മനുഷ്യൻ' ഇപ്പോൾ കരിമ്പനത്തൈകൾ നട്ടുപിടിപ്പിക്കുന്ന ശ്രമത്തിലാണ്. തരിശുഭൂമികളിൽ പനമ്പഴം നട്ടുവളർത്തുന്ന ഇദ്ദേഹം പാലക്കാടിന്റെ നഷ്ടപ്പെട്ട പ്രകൃതിഭംഗി തിരികെ കൊണ്ടുവരികയാണ്. തൈകൾ നടുകമാത്രമല്ല അതിനെ എന്തുവില കൊടുത്തും പരി പാലിക്കുക കൂടി ചെയ്യുക എന്ന ലക്ഷ്യത്തോടെ വാർദ്ധക്യത്തിലും കർമനിരതനായിരിക്കുക യാണ് ബാലൻ. ഒരു കോടി മരങ്ങൾ നട്ടുപിടിപ്പിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയി ലാണ് ഈ പ്രകൃതിസ്നേഹി.

ടാഗോറിന്റെ കഥയിലെ ബാലചന്ദ്രന്റെ പ്രകൃതി സ്നേഹത്തെയും ഇപ്പോൾ നാം പരിചയ പ്പെട്ട കല്ലൂർ ബാലന്റെ പ്രവർത്തനങ്ങളെയും കുറിച്ച് നിങ്ങളുടെ **അഭിപ്രായം** ഒരു **കുറിപ്പായി** എഴുതുക.

## പ്രവർത്തനം 3 – വാങ്മയചിത്രം

മനുഷ്യനെ ഒന്നായി കാണാൻ പഠിപ്പിച്ച ഗുരുദേവൻ, അബ്ദുറഹിമാൻ സാഹിബ് തുടങ്ങിയ മഹാന്മാരെ 'പ്രകാശം പരത്തുന്നവർ' എന്ന യൂണിറ്റിൽ നാം പരിചയപ്പെട്ടു. ഇവരുടെ തത്വ ങ്ങളെ തന്റെ ഗാനങ്ങളിലൂടെയും ജീവിതത്തിലൂടെയും പകർത്തിവച്ച മലയാളത്തിന്റെ മഹാഗായകൻ യേശുദാസിന്റെ ചിത്രമാണ് താഴെ. എൺപതാം പിറന്നാൾ ആഘോഷിക്കുന്ന ഇദ്ദേഹത്തിന്റെ **വാങ്മയചിത്രം** തയാറാക്കൂ.



സൗമ്യമായ മുഖം... വെളുത്ത വസ്ത്രം.

*തുടർന്നെഴുതൂ...*

**പ്രവർത്തനം 4 ലഘുഉപന്യാസം**

മലയാളനാടിന്റെ ഭംഗിയെ പുകഴ്ത്തുകയും അതെല്ലാം നഷ്ടപ്പെടുകയാണോ എന്ന് പരിതപിക്കുകയും ചെയ്യുന്ന കവിയെ 'എങ്ങു പോയി' എന്ന കവിതയിലൂടെ നാം കണ്ടു.

കവികൾ വാഴ്ത്തിയ മലയാളനാടിനെ പല കവിതകളിലും വായിച്ചിട്ടുണ്ട്.

- കേരളത്തിന്റെ സാമൂഹികാവസ്ഥ
- പ്രകൃതി ഭംഗി
- കേരളീയ കലകൾ
- ജീവിതം, തൊഴിൽ, ....................

തുടങ്ങിയവയുമായി ബന്ധപ്പെട്ട കേരളത്തിന്റെ സവിശേഷതകളെല്ലാം ചേർത്ത് എന്റെ കേരളം എന്ന വിഷയത്തിൽ ഒരു **ലഘുഉപന്യാസം** തയാറാക്കുക.

**പ്രവർത്തനം 5 കഥാപാത്ര നിരൂപണം**

സ്നേഹത്തിന്റെ മഴവില്ലു ചമച്ച നീലക്കുന്നിലെ നീലക്കുട്ടിയെ നിങ്ങൾക്കിഷ്ടമല്ലേ?

എല്ലാവരേയും ഒന്നിപ്പിക്കാൻ അവൻ ചെയ്ത കാര്യങ്ങൾ ഓർക്കുന്നില്ലേ?

നീലക്കുട്ടിയുടെ സ്വഭാവസവിശേഷതകൾ വിലയിരുത്തി **കഥാപാത്ര നിരൂപണം** തയാറാക്കുക. നല്ലൊരു തലക്കെട്ടും കൊടുക്കണേ...

**പ്രവർത്തനം 6 താരതമ്യക്കുറിപ്പ്**

'വിഷുക്കണി' എന്ന പാഠഭാഗത്തിൽ എം.ടി. വാസുദേവൻ നായരുടെ കുട്ടിക്കാലത്തുള്ള വിഷുക്കാലത്തെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്.

> 'പ്രകൃതി ധാരാളം കണി തരുന്ന നാടാണ് എന്റേത്. അന്ന് പൂക്കളൊക്കെ ധാരാളമുണ്ടായിരുന്നു. പല വീടുകളിലേയ്ക്കും കൊന്നപ്പൂക്കൾ കൊണ്ടുപോയ്ക്കൊണ്ടിരുന്നത് ഞങ്ങളുടെ പറമ്പിൽ നിന്നുമായിരുന്നു. അക്കാലത്തെ ജീവിതം തന്നെ പ്രകൃതിയുമായി വളരെ ഇണങ്ങിയ രീതിയിലായിരുന്നു.'

ഓണക്കുന്നിൽ കേറിമറിഞ്ഞി-<br>
ട്ടോണപ്പൂക്കളിറുക്കേണം<br>
ഓണപ്പൂവിനു മുത്തം നൽകി<br>
പൂക്കളമിട്ടു ചിരിക്കേണം<br>
ഓണക്കോടിയുടുക്കേണം പി-<br>
ന്നോണസദ്യയുമുണ്ണേണം<br>
ഓണക്കളികൾ കളിക്കേണം<br>
പുലികളി കാണാൻ പോകേണം<br>
തോട്ടിൻ കരയിലിരുന്നും കൊണ്ടേ<br>
ഓണപ്പൂക്കളൊഴുക്കേണം.

(തൊട്ടുവിളിക്കുന്നു) (രാധാകൃഷ്ണൻ എടച്ചേരി)

വിഷുക്കാലത്തെയും ഓണക്കാലത്തെയും കുറിച്ചുള്ള എം.ടി.യുടെയും കവിയുടെയും ഓർമകൾ താരതമ്യം ചെയ്ത് **കുറിപ്പ്** തയാറാക്കുക.